RKI-3/6/2021 PL&GA

<u>പതിനാലാം കേരള നിയമസഭ</u>

<u>ഇരുപത്തി രണ്ടാം സമ്മേളനം</u>

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 11 | 12.01.2021- ൽ മറുപടിക്ക് |

## കേരള പുനർനിർമ്മാണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി. സതീശൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | 2018-ലും 2019-ലും ഉണ്ടായ പ്രളയത്തിൽ വിവിധ മേഖലകളിൽ സംഭവിച്ച നാശനഷ്ടങ്ങൾ കണക്കിലെടുത്ത് പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ തകർന്ന് പോകാത്തതും പ്രകൃതിക്ക് അനുയോജ്യവുമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പ്രളയദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമിക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റിവ് ലക്ഷ്യമിടുന്നത്. അതിജീവനക്ഷമതയുള്ളതും നിലവാരം പുലർത്തുന്നതുമായ ബൃഹത്തായ പുനർനിർമാണ പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഉണ്ട്. നടപടിക്രമങ്ങൾ ലഘൂകരിച്ച് പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് കഴിയുന്നതും വേഗം നിർവഹണ ഘട്ടത്തിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ നേതൃത്വത്തിൽ കൈക്കൊണ്ടുവരുന്നത്. റീബിൽഡ് കേരള |

| | | | |
|---|---|---|---|
| | | | ഇനിഷ്യേറ്റിവിന്റെ നേതൃത്വത്തിൽ തയാറാക്കിയ, പുനർനിർമാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സമർപ്പിച്ച 7192.78 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | കേരള പുനർനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടും ഇതിനകം ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണമെന്തെന്ന് അറിയിക്കാമോ; | (ബി) | കേരളപുനർനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടും ഇതിനകം ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേരള പുനർനിർമ്മാണ പദ്ധതിക്ക് ഇതിനകം ലഭ്യമായിട്ടുള്ള ധനസഹായത്തിന്റെ വിശദാംശം, വിദേശ ധനസഹായം ഉൾപ്പെടെ, വിശദമാക്കുമോ; | (സി) | ലോകബാങ്കിന്റെ വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 ദശലക്ഷം ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. 2020-21 വർഷത്തിൽ 1000 കോടി രൂപ ബജറ്റ് വിഹിതമായി വകയിരുത്തി. ഇതുകൂടാതെ, സംസ്ഥാനത്തിന്റെ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1400 കോടി രൂപയും വികസന നയവായ്പയുടെ ഭാഗമായി 840 കോടി രൂപയും വായ്പയായി ലഭിക്കുന്നതിന് ജർമൻ ബാങ്കായ KfW യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.<br>ലോകബാങ്ക് വികസന നയവായ്പയുടെ |

| | | | |
|---|---|---|---|
| | | | തുടർച്ചയായി, സംസ്ഥാന വികസന പങ്കാളിത്ത ചട്ടക്കൂടിന്റെ ഭാഗമായി Program for Result (PfR) രീതിയിൽ തവണകളായി 350 ദശലക്ഷം ഡോളർ വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുമായി ബന്ധപ്പെട്ട് ലോകബാങ്ക്, AIIB എന്നിവയുമായുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്. |
| (ഡി) | ഇപ്രകാരം ലഭ്യമായ തുക ഏതൊക്കെ പദ്ധതികളിലാണ് ഇതിനകം അനുവദിച്ചതെന്നും ഓരോ വകുപ്പിനും അനുവദിച്ച തുകയും അവർ ഇതിനകം ചെലവഴിച്ച തുകയും വിശദമാക്കുമോ? | (ഡി) | വിവിധ പദ്ധതികൾക്കായി ഓരോ വകുപ്പിനും ഇതിനകം അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**